# കിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

ഹൈസ്കൂൾ &
യു.പി. വിഭാഗം

## എ.കെ.എം.എച്ച്.എസ്.എസ്.
## കോട്ടൂർ

മലപ്പുറം സബ്ജില്ല

# കിരണം

അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

ഹൈസ്കൂൾ &
യു.പി. വിഭാഗം

AKMHSS KOTTOOR

# ഉൾത്താളുകളിൽ


1 സ്കൂൾ വിവരങ്ങൾ

2 ആമുഖം

3 ഉപമേഖലകൾ

4 ഉപസംഹാരം

## സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | റവന്യൂ ജില്ല | : | മലപ്പുറം |
| 2. | സ്കൂൾ കോഡ് | : | 18125 |
| 3. | സ്കൂളിന്റെ പേര് | : | എ.കെ.എം.എച്ച്.എസ്.എസ്. കോട്ടൂർ |
| 4. | മേൽവിലാസം | : | ഇന്ത്യനൂർ പി.ഒ.<br>മലപ്പുറം ജില്ല |
| 5. | പിൻകോഡ് | : | 676503 |
| 6. | ഫോൺ നമ്പർ | : | 0483 2744381 |
| 7. | ഇ-മെയിൽ വിലാസം | : | akmhss@gmail.com |
| 8. | നഗരസഭ | : | കോട്ടക്കൽ |
| 9. | വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| 10. | സബ്ജില്ല | : | മലപ്പുറം |
| 11. | ക്ലാസുകൾ | : | 5 മുതൽ 12 വരെ |
| 12. | മാനേജ്മെന്റ് | : | എയ്ഡഡ് |
| 13. | പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

മലപ്പുറം ജില്ലയിൽ ആയുർവേദ നഗരിയായ കോട്ടയ്ക്കലിൽ നിന്നും ആറു കിലോമീറ്റർ മാറി കോട്ടൂർ പ്രദേശത്തിന്റെ കുന്നിൻ നെറുകയിൽ സ്ഥിതി ചെയ്യുന്ന അഹമ്മദ് കുരിക്കൾ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിനെക്കുറിച്ച്....

1979 ജൂലൈ മാസത്തിൽ ശ്രീ. ഇബ്രാഹിം ഹാജി കറുത്തേടത്ത് മാനേജർ സ്ഥാനത്തുനിന്നുകൊണ്ട് ഈ സ്കൂളിന് നാന്ദികുറിച്ചു. നാട്ടുകാരുടെ നിരന്തരമായ ആവശ്യമാണിതിന് ആക്കം കൂട്ടിയത്. ആ സംരംഭം സധൈര്യം മാനേജർ ഇബ്രാഹിം ഹാജി ഏറ്റെടുക്കുകയും ചെയ്തു. കോട്ടൂർ സിറാജുൽ ഇസ്‌ലാം മദ്രസ്സയിൽ ക്ലാസുകൾ നടത്താൻ അനുമതി നൽകി. നാട്ടുകാരനായ അമരിയിൽ കുഞ്ഞുമാസ്റ്ററെ പ്രധാനാധ്യാപകനായി നിയമിച്ചുവെങ്കിലും സർക്കാരിൽ നിന്നും നിയമിക്കപ്പെട്ട സംരക്ഷിതാധ്യാപികയായ ശ്രീമതി. ഇ.എൻ. ലീല ടീച്ചർ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചുപോയതിനുശേഷം കുഞ്ഞുമാസ്റ്റർ പ്രഥമാധ്യാപകനായി നിയമനാംഗീകാരം നേടി. സ്വന്തമായുള്ള ഭൂമിയും കെട്ടിടവും എന്ന ലക്ഷ്യത്തിന് സാമ്പത്തികബുദ്ധിമുട്ട് വളരെയേറെയായിരുന്നു. എന്നാൽ ലക്ഷ്യപ്രാപ്തിക്ക് മാനേജരുടെ ദൃഢനിശ്ചയവും കുഞ്ഞുമാസ്റ്ററുടെ പങ്കാളിത്തവും സഹപ്രവർത്തകരുടെയും നാട്ടുകാരുടെയും ഒത്തൊരുമിക്കലും സ്വപ്നസാഫല്യത്തിലേയ്ക്ക് എത്തിച്ചു. പിന്നീടിതുവരെ വളർച്ചയുടെ സോപാനങ്ങൾ കയറിക്കൊണ്ടിരിക്കുന്നു.

മുന്നോട്ടുള്ള പ്രയാണം ഭംഗിയേറിയതിനാൽ 2003ൽ ഹൈസ്കൂളായി മാറാൻ സാധിച്ചു. ഇത് സാംസ്കാരിക പുരോഗതിയുടെ നാഴികക്കല്ലായിരുന്നു. ഈ കാലയളവിൽ ടീച്ചർ ഇൻചാർജ്ജ് ആയി എൻ. പുഷ്പരാജൻ മാസ്റ്ററും 2004ൽ പ്രധാനാധ്യാപകനായി ശ്രീ. ബഷീർ കുരുണിയൻ മാസ്റ്ററും ചുമതലയേറ്റു. തുടർന്ന് പാഠ്യ-പാഠ്യേതര രംഗങ്ങളിൽ ജില്ലയിലും കേരളത്തിൽ തന്നെയും മികച്ച വിദ്യാലയമെന്ന ഖ്യാതി നേടാൻ എ.കെ.എം. ഹയർ സെക്കണ്ടറി വിദ്യാലയത്തിന് സാധിച്ചു. ഇന്നാകട്ടെ പ്രധാനാധ്യാപികയായ ശ്രീമതി. സൈബുന്നീസ ടീച്ചറുടെ ചുമതലയിൽ മുന്നേറുന്നു.

2012ൽ രണ്ട് ബാച്ചുകളുമായി ഹയർ സെക്കണ്ടറി വിഭാഗവും ആരംഭിച്ചു. ശ്രീ. അലി കടവണ്ടി പ്രിൻസിപ്പൽ ആയി നിയമിക്കപ്പെടുകയും ഉണ്ടായി. ആറ് അധ്യാപകരും 98 കുട്ടികളുമായി തുടങ്ങിയ സ്ഥാപനം 240 അധ്യാപകരും 7 അനധ്യാപകരും 7100 കുട്ടികളുമായി എന്നത് കഠിനാധ്വാനത്തിന്റെ ഫലമാണ്. പഠനമേഖലയിൽ 100% തികച്ചും കലാകായിക രംഗങ്ങളിൽ സംസ്ഥാന തലത്തിൽ പദമുറപ്പിച്ചും ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

## അക്കാദമികം -എച്ച്.എസ്., യു.പി.

സംസ്ഥാനത്ത് ഈ വർഷം (2024-25) ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുത്തി 100% വിജയം നേടാനും വിദ്യാഭ്യാസ മന്ത്രിയുടെ പ്രശംസ നേടാനും സാധിച്ചു. 87 കുട്ടികൾക്ക് യു.എസ്.എസും, 35 കുട്ടികൾക്ക് എൻ.എം.എം.എസും നേടാൻ ഈ വർഷം സാധിച്ചു.

മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുത്തി ഉന്നതവിജയം നേടി വിദ്യാഭ്യാസ മന്ത്രിയുടെ പ്രശംസയ്ക്ക് അർഹത നേടി (2016-17). പിന്നീടങ്ങോട്ട് ഈ അധ്യായന വർഷം വരെ 100% വിജയം തുടർന്നുകൊണ്ടിരിക്കുന്നു. ഈ വിജയത്തിനുപിന്നിൽ പ്രഥമാധ്യാപികയുടെ കൃത്യമായ വീക്ഷണവും അധ്യാപകരുടെ മികവുറ്റ സേവനവും വളരെ പ്രശംസനീയമാണ്. ഓരോ കുട്ടിയേയും അറിഞ്ഞ് വേണ്ട രീതിയിലുള്ള അധ്യാപനം ഓരോ വിഷയത്തിനുമുള്ള അധ്യാപകർ സ്വീകരിച്ചു. യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.ടി.എസ്. എന്നീ മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകി, കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച വിജയം നേടുകയും ചെയ്തു. എസ്.പി.സി., ജെ.ആർ.സി, സ്കൗട്ട്, ഗൈഡ് എന്നീ സന്നദ്ധ സംഘടനകളുടെ സാമൂഹിക സേവനം പറയാതിരിക്കാനാവില്ല. ഭിന്നശേഷി സൗഹൃദാന്തരക്ഷമാണ് വിദ്യാലയത്തിലുള്ളത്.

വിജയസപർശം 2023 (മലപ്പുറം ജില്ലയുടെ തനതു വിദ്യാഭ്യാസ പിന്തുണ പദ്ധതി) അഞ്ച് മുതൽ പത്തുവരെ പഠിക്കുന്ന കുട്ടികളിൽ ഭാഷ, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയിലെ അടിസ്ഥാന ശേഷികൾ ആർജ്ജിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും

ഓരോ വിഷയത്തിൽ സബ്ജെക്ട് കൗൺസിൽ ചേർന്ന് തീരുമാനമെടുത്തു. ഈ വർഷവും വിജയസ്പർശം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

സ്കൂളിൽ സ്പെഷ്യൽ ടീച്ചറുടെ സേവനം അക്കാദമിക മേഖലയിൽ സഹായകമാവുന്നുണ്ട്. അധ്യാപക രക്ഷാകർത്തൃസംഗമം ഓരോ ടേം പരീക്ഷയ്ക്കുശേഷവും 5, 6, 7, 8, 9, 10 എന്നീ ക്ലാസുകളിൽക്കായി ഓരോ ദിവസമായാണ് നടത്തുന്നത്. കുട്ടിയെക്കുറിച്ച് രക്ഷിതാവിന് വ്യക്തമായി മനസ്സിലാക്കാൻ ഇത് സഹായകമാണ്. അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള പരസ്പരധാരണ കുട്ടികളുടെ ഗുണനിലവാര വർദ്ധനക്ക് ഏറെ സഹായകമാകുന്നു.

## പരിമിതികൾ

- സമയക്രമം പാലിച്ച് പരിപാടികൾ നടപ്പിലാക്കാൻ പലപ്പോഴും പ്രയാസമാകാറുണ്ട്.
- ക്ലബ്ബ് പ്രവർത്തനങ്ങളിലും മറ്റും ഒരേ കുട്ടിതന്നെയായിരിക്കും എന്നതും പ്രയാസമാകാറുണ്ട്.

## ഭൗതികം

ഒരു പൊതുസ്ഥലംപോലും പാഴാവാതെ വിനിയോഗിക്കുംവിധമാണ് സകൂൾ കെട്ടിടവും പരിസരവും ക്രമീകകരിച്ചിരിക്കുന്നത്.

100% ഹൈ-ടെക് ക്ലാസ് റൂമുകൾ, സ്കൂളിന്റെ മുൻഭാഗത്ത് ഭംഗിയുള്ള പൂന്തോട്ടവും താമരക്കുളവും ഒരുക്കിയിരിക്കുന്നു. ഭംഗിയേറിയ ഓഫീസും ഇരുപതിനായിരത്തിലധികം പുസ്തകങ്ങളുമുള്ള വിശാലമായ ഡിജിറ്റൽ ലൈബ്രറിയും കടന്നുചെന്നാൽ ധാരാളം പഞ്ചവർണ്ണകിളികളുടെ വലിയ കൂടും, വലിയ അക്വേറിയവും സന്ദർശക മുറിയും കാണാം. വിശ്രമവേളകളിൽ ആശ്വാസത്തിനായി ചെറിയ രണ്ട് കാന്റീൻ ഉണ്ട്. ഹൈ-ടെക് അടുക്കളയിൽ പ്രതിദിനം 5 മുതൽ 8 വരെ ക്ലാസുകളിലുള്ള കുട്ടികൾക്കായി (3737 കുട്ടികൾക്ക്) ഭക്ഷണം തയ്യാറാക്കുന്ന ബയോഗ്യാസ് പ്ലാന്റ്, ഭക്ഷണ വിതരണത്തിന് പ്രത്യേകം കൗണ്ടർ സജ്ജീകരണം, ആധുനിക സജ്ജീകരണങ്ങളോടെയുള്ള പാചകസ്ഥലം. ഇൻഡോർ സ്റ്റേഡിയം, അടൽ ടിങ്കർ ലാബ്, നീന്തൽക്കുളം, ഔഷധോദ്യാനം, കുട്ടികൾക്കുള്ള പാർക്ക്, മധുരവനം, വോളിബോൾ കോർട്ട്, മൈതാനം, സ്കേറ്റിംഗ് പരിശീലനസ്ഥലം, ജിംനേഷ്യം, മുപ്പത്തിയഞ്ചോളം സ്കൂൾ ബസ്സുകൾ പാർക്ക് ചെയ്യാനുള്ള സ്ഥലം എന്നിവ ഒരുക്കിയിരിക്കുന്നു.

'വാതായനം വായനക്കൂട്ടം' എന്ന ലൈബ്രറി ക്ലബ്ബിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ ഈ വർഷം കൂടുതൽ വിപുലപ്പെടുത്തി.ഈ ക്ലബ്ബിലെ അംഗങ്ങൾ ഓരോ ക്ലാസ്സുകളിലും വായനയുടെ പ്രാധാന്യം ഉൾപെടുത്തി ബോധവൽക്കരണം നടത്താനും ഓരോ വെള്ളിയാഴ്ചയും 'എന്റെ

ഇഷ്ടവായന' എന്ന പേരിൽ കുട്ടികൾക്ക് വായന അനുഭവം പങ്കു വെക്കാനുമുള്ള വേദി തുടങ്ങി വെച്ചു.

രക്ഷിതാക്കളിലൂടെ കുട്ടികളെ കൂടുതൽ വായനയിലേക്ക് അടുപ്പി ക്കാൻ 'അമ്മ വായന പദ്ധതി' കൂടുതൽ ശാക്തീകരിക്കുകയും ഓരോ മാസവും അമ്മമാർക്കും കുട്ടികൾക്കും മത്സരങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

'തലമുറകൾക്ക് വെട്ടം പകരാൻ ഞാനും' എന്ന പദ്ധതിയിലൂടെ പിറന്നാൾ സമ്മാനമായി പുസ്തകം ലൈബ്രറിയിലേക്ക് കൈമാറുകയും കുട്ടിയുടെ ഫോട്ടോ വെച്ച് പ്രത്യേക രൂപകല്പന ചെയ്ത പോസ്റ്റർ തയ്യാറാക്കുന്നത് തുടരുകയും ചെയ്തു. മികച്ച വായനയുള്ള അമ്മമാർ, കുട്ടികൾ, അധ്യാപകർ എന്നിവർക്ക് അധ്യയന വർഷാവസാനം സമ്മാനം നൽകാനും തീരുമാനിച്ചു.കൂടാതെ മലയാളം വാർത്താവായന മത്സരം സംഘടിപ്പിച്ച് നല്ല വായനക്കാരായ കുട്ടികളെ കണ്ടെത്തുകയും ചെയ്തു.

## സാമൂഹികം

ജനജാഗ്രതാ സമിതി രൂപീകരിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനം സജീവമാക്കിയിട്ടുണ്ട്. **Inspira 2K24** എന്ന പേരിൽ വിദ്യാല യത്തിലെ കുട്ടികളെ ഉൾപ്പെടുത്തി നടത്തിയ കലാപരിപാടി ജില്ലാതല ത്തിൽ ശ്രദ്ധേയമായി. കലാരംഗം - വിദ്യാലയം തുറന്ന ഉടൻതന്നെ കുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേകം പരിശീലകരെ കണ്ടെത്തി വട്ടപ്പാ ട്ട്, ഒപ്പന, കോൽക്കളി, തിരുവാതിര, പൂരക്കളി എന്നിവയിൽ ചിട്ടയായ പരിശീലനം നൽകുന്നു. സംസ്ഥാനതലംവരെ മികച്ച നേട്ടം കൈവരി ക്കാനുമായിട്ടുണ്ട്. ഈ വർഷത്തെ പരിശീലനം ജൂൺ 15ന് ആരംഭിച്ചു.

## കായികം

ദേശീയ തലത്തിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ പങ്കെടുക്കാൻ ഒരു കുട്ടി അർഹത നേടി. ജില്ലാതല ക്രിക്കറ്റ് മത്സരത്തിൽ പെൺകുട്ടിക ളുടെ ടീം ശ്രദ്ധയമായി. മാതൃഭൂമി ഇൻർസ്കൂൾ ടൂർണ്ണമെന്റ് വിദ്യാലയ ത്തിൽവെച്ച് നടത്തപ്പെട്ടു. റോളസ്കേറ്റിംഗ് വിഭാഗത്തിൽ സബ്ജില്ല,

ജില്ല, സംസ്ഥാന തലത്തിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചു. RSFI സംസ്ഥാന ചാമ്പ്യൻഷിപ്പിൽ വെങ്കലമെഡൽ നേടി.

പവർലിഫ്റ്റിംഗ്, വെയ്റ്റ് ലിഫ്റ്റിംഗ്, റോളർ സ്കേറ്റിംഗ്, ടെന്നീസ് തുടങ്ങി എല്ലാ വിഭാഗത്തിലും സ്റ്റേറ്റ്തല മത്സരങ്ങളിൽ പങ്കെടുപ്പിക്കാറുണ്ട്. കൃത്യമായ പരിശീലനം ഫുട്ബോൾ, വോളിബോൾ, കരാട്ടെ എന്നീ എല്ലാ ഇനങ്ങൾക്കും നൽകുന്നു. കുട്ടികളുടെ കായിക താൽപര്യങ്ങളെ തുടർന്നും പരിഗണിക്കുന്നതാണ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനമേഖലകൾ

| | |
|---|---|
| 1. | ഭാഷാശേഷി വികസനം |
| 2. | ഗണിതശേഷി വികസനം |
| 3. | ഇംഗ്ലീഷ് പഠനം - ലോകഭാഷ സ്വായത്തമാക്കൽ |
| 4. | വായനശേഷി വർദ്ധിപ്പിക്കൽ |
| 5. | ശാസ്ത്രപോഷണ പരിപാടി |
| 6. | ലബോറട്ടറി നവീകരണം |
| 7. | പ്രതിഭാപോഷണ പരിപാടി |
| 8. | ലൈബ്രറി ശാക്തീകരണം - അമ്മ പുസ്തകോത്സവം |
| 9. | സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം |
| 10. | പഠനയാത്രകൾ |
| 11. | സ്കൂൾ പത്രം, മാസിക |
| 12. | പ്രവൃത്തിപരിചയ പരിശീലനം |
| 13. | കലാപരിപോഷണം |
| 14. | പച്ചക്കറിത്തോട്ടം - ഫലവനിക |
| 15. | സാഹിത്യശിൽപശാലകൾ |
| 16. | മെഡിക്കൽ ക്യാമ്പുകൾ |
| 17. | ഉച്ചഭക്ഷണവിതരണം കാര്യക്ഷമമാക്കൽ |
| 18. | ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ |
| 19. | കായികശേഷി വികസനം |
| 20. | വിലയിരുത്തൽ കാര്യക്ഷമമാക്കൽ |
| 21. | ഐ.ടി. പഠനം കാര്യക്ഷമമാക്കൽ |
| 22. | ജന്മദിന പുസ്തകം സമ്മാനിക്കൽ |
| 23. | ചിത്രരചനാ ക്യാമ്പ് |

| | |
|---|---|
| 24. | ശാസ്ത്ര, ഗണിത ശാസ്ത്ര, എസ്.എസ്., ഐ.ടി., പ്രവൃത്തിപരിചയ മേളകൾ |
| 25. | ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ |
| 26. | അധ്യാപക ശാക്തീകരണം - സ്കൂൾ എസ്.ആർ.ജി തലം |
| 27. | ഭിന്നശേഷി സൗഹൃദ പദ്ധതി കാര്യക്ഷമമാക്കൽ |
| 28. | വിജയസ്പർശം പദ്ധതി പ്രവർത്തനങ്ങൾ |
| 29. | ഔഷധോദ്യാനം - വികസിപ്പിക്കൽ |
| 30. | മധുരവനം പദ്ധതി ആവിഷ്കരിക്കൽ |
| 31. | ലീഫ് എക്സലൻഷ്യ പദ്ധതി നടപ്പിലാക്കൽ |
| 32. | ജൈവ-അജൈവ മാലിന്യ സംസ്കരണം നടപ്പിലാക്കൽ |
| 33. | സഹജീവി സ്നേഹ പരിപോഷണം |
| 34. | ജനജാഗ്രതാ സമിതി - ലഹരിക്കെതിരെ ബോധവൽക്കരണം |
| 35. | അമ്മരചനാസമാഹരണം - മത്സരം |
| 36. | AI Teacherനെ ഉപയോഗിച്ച് ക്ലാസുകൾ നടത്തുന്നു. |

# അക്കാദമിക് മാസ്റ്റർപ്ലാൻ
## മലയാളം (ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലോത്സവ രചനകളിലേക്കുള്ള പ്രതിഭകളെ കണ്ടെത്തൽ | ക്ലാസ്തല മാഗസിൻ നിർമ്മാണം | ജൂൺ ആദ്യവാരം | മലയാളം അധ്യാപകൻ | |
| വായനാദിനം | • മാഗസിൻ പ്രകാശനം മലയാളം ക്ലബ് ഉദ്ഘാടനം<br>• മഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയവരിൽ മലയാളം വിഷയത്തിൽ എ പ്ലസ് നേടിയവർക്കുള്ള ആദരം<br>• ബഷീർ കൃതികളെയും കഥാപാത്രങ്ങളേയും ആസ്പദമാക്കി ആർ.എ.പി. | ജൂൺ ആദ്യവാരം<br><br>ജൂലൈ ആദ്യ വാരം | മലയാളം അധ്യാപകർ | |
| കലോത്സവത്തിൽ പ്രാപ്തരാക്കാൻ | • തെരഞ്ഞെടുത്ത കുട്ടികൾക്കുള്ള ശിൽപ്പശാല | ജൂലൈ ആദ്യ വാരം | മലയാളം അധ്യാപകർ | |
| കേരളത്തെക്കുറിച്ചുള്ള ഗാനങ്ങൾ അറിയുന്നതിന് | • സംഗീത ശിൽപം - കേരളം | നവംബർ ആദ്യ വാരം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുക, അവയുടെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കുക. അവയെക്കുറിച്ച് രചനകൾ നടത്തുക. | • പഠനയാത്ര | ഡിസംബർ ആദ്യവാരം | മലയാളം അധ്യാപകർ | |
| കയ്യക്ഷരം മികച്ചതാക്കുന്നതിന് | • കയ്യക്ഷര ശിൽപശാല<br>• കയ്യക്ഷര മത്സരം<br>• തെരഞ്ഞെടുത്തവയ്ക്ക് സമ്മാനം | ജനുവരി രണ്ടാം വാരം | മലയാളം അധ്യാപകർ | |
| ഒ.എൻ.വി.യെക്കുറിച്ച് അറിയുന്നതിന് | • ഒ.എൻ.വി. കവിതകൾ, സിനിമാ ഗാനങ്ങൾ എന്നിവയുടെ ആലാപനം | ഫെബ്രുവരി ആദ്യവാരം | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ
## മലയാളം - (യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനുമുള്ള ശേഷീവികസനം | • മലയാളം വായനക്ക് കൂടുതൽ അവ സരം നൽകൽ.<br>• ആർ.ആർ. പിരീഡ് എഴുതിയ വായ നയും അറിയാത്ത കുട്ടികൾക്കായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.<br>• മലയാളം ക്ലാസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ. | | മലയാളം അധ്യാപകൻ | |
| ഭാഷയ്ക്കുള്ള പ്രാതിനിധ്യം അറിയി ക്കൽ | • ക്ലാസ്തലത്തിൽ ലൈബ്രറി പുസ്ത കങ്ങൾ വിതരണം.<br>• വായിച്ച പുസ്തകത്തെക്കുറിച്ച് വായാക്കുറിപ്പ് തയ്യാറാക്കി അവത രണം | | ലൈബ്രേറി യൻ<br>മലയാളം അധ്യാപകർ | |
| രക്ഷിതാക്കൾക്ക് വിവിധ മത്സര ങ്ങൾ നടത്തി അവരുടെ പ്രാതി നിധ്യം ഉറപ്പിക്കൽ (വായനാദിനം) | • വരികൾക്കിടയിൽ പ്രാദേശിക എഴു ത്തുകാരുമായി അഭിമുഖം.<br>• എം.ടി. യുടെ നാലുകെട്ട് എന്ന | | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നോവലിന് മറ്റൊരു മുഖചിത്രം സ്വന്തമായി തയ്യാറാക്കൽ.<br>• എന്നെ തേടി വന്ന പുസ്തകം അപ്രതീക്ഷിതമായി വായിക്കാനിടയായ പുസ്തകത്തിന്റെ വായനാനുഭവം തയ്യാറാക്കൽ | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## സംസ്കൃതം - (യു.പി. - എച്ച്.എസ്. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും ഭാഷാ പഠന തൽപരരാക്കുന്നു. | • കുട്ടികളുടെ പഠനമികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതയ്ക്ക് അനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു.<br>• പുസ്തകങ്ങൾ, ചിത്രങ്ങൾ വീഡിയോകൾ, പഠനോപികരണങ്ങൾ | ജൂൺ മുതൽ മാർച്ച് മാസം വരെ | അധ്യാപകർ | |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | • രചനാ ശിൽപശാല | ജൂൺ മുതൽ മാർച്ച് മാസം വരെ | അധ്യാപകർ | |
| വായനാവാരത്തോടനുബന്ധിച്ചുള്ള ക്ലാസ്തല പ്രവർത്തനങ്ങൾ | • അധ്യാപകൻ ഒരു സംസ്കൃത പുസ്തകം പരിചയപ്പെടുത്തി അവലകോനം പറയുന്നു.<br>• കുട്ടികൾ പുസ്തക അവലോകനം തയ്യാറാക്കുന്നു. | | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| അനുരൂപീകരണതലം<br>സഹപാഠികളുടെ പിന്തുണ | • പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>• ഗ്രൂപ്പുതല പ്രവർത്തനങ്ങളിൽ ഉൽപ്പെടുത്തൽ. | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | • പ്രശ്നോത്തരി, മാഗസിൻ, കഥ, കവിത, ഉപന്യാസം എന്നിവയ്ക്കുള്ള പരിശീലനം, സൃഷ്ടി. | | | |
| സംസ്കൃത ദിനാചരണം.<br>സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ജില്ല, ജില്ലാതലങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br>സ്വാതന്ത്ര്യദിനം | • ഔപചാരിക ക്ലബ്ബ് രൂപീകരണം.<br>• സംസ്കൃത സന്ദേശം.<br>• പ്രമുഖ വ്യക്തിയുടെ ഒരു ക്ലാസ്, സംസ്കൃത പ്രാർത്ഥന<br>• വന്ദേമാതരം ആലാപനം | | | |
| ഭാഷാപഠനം കലാപരിചയം | • കലോത്സവത്തിനായി സംസ്കൃത അധ്യാപകർ കുട്ടകളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു.<br>• ഭാഷാപ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, സിദ്ധരൂപം എന്നിങ്ങനെ സജ്ജരാക്കുന്നു.<br>• സബ്ജില്ല, ജില്ലാതല മത്സരാർത്ഥികൾക്ക് സംസ്കൃതാധ്യാപക കൂട്ടായ്മ സമ്മാനദാനം നൽകുന്നു. | | | |

| | | | | |
|---|---|---|---|---|
| സംഭാഷണശിബിരം | • പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ച പ്പെടുത്തുന്നതിന്<br>• എല്ലാ കുട്ടികളുടെയും താൽപര്യ ത്തോടെ പങ്കെടുക്കും. | | | |
| സംസ്കൃതപഠനയാത്ര | • പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെ ങ്കിലും ഒരു സ്ഥല സന്ദർശനം തീരു മാനിക്കുന്നു. | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | • രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, യു.എ സ്.എസ്. സ്കോളർഷിപ്പ് പരിശീല നം.<br>• പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ-മോഡൽ, മോഡൽ, എസ്.എസ്. എൽ.സി. പരീക്ഷകൾക്ക് പ്രത്യേക പരിശീലനം.<br>• മാറിയ പാഠഭാഗങ്ങൾ അനുസരിച്ച് അധ്യാപകർ കൃത്യമായ ചോദ്യമാ തൃകകൾ തയ്യാറാക്കി ക്ലാസ്തല, ഗൃഹപാഠ പ്രവർത്തനങ്ങൾ നൽകു ന്നു. വിലയിരുത്തുന്നു. | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## അറബിക് - (ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ അറബിക് വിഭാഗം കുട്ടികൾക്കും എഴുതാനും വായിക്കാനും അറിയുന്നുവെന്ന് ഉറപ്പുവരുത്തുക. | • സ്കൂൾ തുറന്ന ഉടനെതന്നെ എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നതാണ്. | ജൂൺ | അറബിക് അധ്യാപകൻ | |
| പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളെ അറിയിക്കുന്നതിനും പൊതു സമൂഹത്തിന് അവബോധം ഉണ്ടാക്കുന്നതിനും വേണ്ടി | • ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കുട്ടികളെ വൃക്ഷത്തൈ നടാൻ പ്രോത്സാഹിപ്പിക്കുക. അതിനുവേണ്ടി ഓൺലൈൻ സ്റ്റാറ്റസ് ഫ്രെയിം തയ്യാറാക്കി നൽകാൻ തീരുമാനിച്ചു. | ജൂൺ 5 | അറബിക് അധ്യാപകൻ | |
| അറബിക് കലോത്സവങ്ങളിലെ രചനാ മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി | • രചനാ മത്സരങ്ങളിൽ പ്രഗത്ഭരായ കുട്ടികളെ കണ്ടെത്തുകയും എക്സലൻസ് ക്ലബ് രൂപീകരിക്കുവാനും തീരുമാനിച്ചു. | ജൂൺ | ലുക്മാൻ മാസ്റ്റർ<br>ഗഫൂർ മാസ്റ്റർ | |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ വായനാശീലം വളർത്തിയെടുക്കാൻ | • വായനാദിനത്തോടനുബന്ധിച്ച് അറബിക് വായന, രചന മത്സരങ്ങൾ നടത്താൻ തീരുമാനിച്ചു.<br>• പ്രസംഗ ശിൽപശാല നടത്താൻ തീരുമാനിച്ചു. | ജൂൺ | അറബിക് അധ്യാപകൻ | |
| കുട്ടികളിലെ രചനാശീലം ഉണ്ടാക്കുന്നതിനും വളർത്തുന്നതിനും | • മാസാന്തരം ഓരോ ചുമർ പത്രിക ഇറക്കാൻ തീരുമാനിച്ചു. | ജൂൺ | അറബിക് അധ്യാപകൻ | |
| കുട്ടികളിൽ അറിവ് വളർത്തുന്നതിനും ചർച്ച, നിരൂപണം ഉണ്ടാക്കുന്നതിനും | • അറബിക് ഭാഷയും സ്വാതന്ത്ര്യ സമരയവും എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്താന് തീരുമാനിച്ചു. | ഓഗസ്റ്റ് | അറബിക് അധ്യാപകൻ | |
| പാഠഭാഗങ്ങളിലെ ആശയങ്ങൾ കുട്ടികളിൽ എത്തുന്നതിന് | • പഠനയാത്രകൾ സംഘടിപ്പിക്കുന്നതാണ് | വർഷത്തിൽ പല തവണ | | |
| അറബിക് കലാമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും അവരുടെ സർഗ്ഗാത്മക കഴിവിനെ പരിപോഷിപ്പിക്കുന്നതിനും | • ഓരോ അധ്യാപകരും അവരുടെ ക്ലാസിലെ കലാ-സാഹിത്യ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുകയും ഡിപ്പാർട്ടുമെന്റൽ തലത്തിൽ ഓരോ ഇനത്തിലും പ്രത്യേകം പരിശീലനം നൽകുകയും ചെയ്യുന്നു. | ജൂലൈ | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |
| അറബിക് ഭാഷയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനു വേണ്ടി | • ലോക അറബിക് ഭാഷാ ദിനത്തിൽ അറബിക് കാലിഗ്രാഫി, പ്രദർശനങ്ങൾ എന്നിവ നടത്തുന്നു. | ഡിസംബർ | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## അറബിക് - (യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന് | • സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അറബിക് സ്വാതന്ത്ര്യദിന ക്വിസ് മത്സരം, പ്രസംഗ മത്സരം എന്നിവ നടത്തുന്നതാണ്. | ആഗസ്റ്റ് 15 | അറബിക് അധ്യാപകൻ | അറബിക് ക്ലബ്ബ് |
| കുട്ടികളിൽ അറബിക് ഭാഷയുടെ പ്രാധാന്യം എത്തിക്കുന്നതിന് | • ലോക അറബിക് ഭാഷാ ദിനത്തിൽ അറബിക് കാലിഗ്രാഫി മത്സരം, പ്രദർശനങ്ങൾ, അന്താരാഷ്ട്ര ഓൺലൈൻ അറബിക് കോൺഫറൻസുകൾ എന്നിവ നടത്തുന്നതാണ് | ഡിസംബർ 18 | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |
| അറബിക് ക്ലബ്ബിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വരും വർഷങ്ങളിൽ ഇതുപോലുള്ള പ്രവർത്തനം തുടരുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി | • അറബിക് ഡിപ്പാർട്ടുമെന്റിനുകീഴിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റ് തയ്യാറാക്കുന്നതാണ്. | വർഷാവസാനം വരെ | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |

| | | | | |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ അറബിക് വിഭാഗം കുട്ടികൾക്ക് എഴുത്തും വായനയും അറിയുന്നുവെന്ന് ഉറപ്പു വരുത്തുക. | • സ്കൂൾ തുറന്നയുടനെത്തന്നെ അറബിക് എഴുതുവാനും വായിക്കുവാനും അറിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം ക്ലാസിൽ നടത്തുന്നതാണ്. | ജൂൺമാസം | അറബിക് അധ്യാപകൻ | അറ ബിക് ടീച്ചർ |
| പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളെ അറിയിക്കുന്നതിനും പൊതുസമൂഹത്തിന് അവബോധം ഉണ്ടാക്കുന്നതിനുംവേണ്ടി | • ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികളെ വൃക്ഷത്തൈ നടാൻ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഓൺലൈൻ സ്റ്റാറ്റസ് ഫ്രെയിം തയ്യാറാക്കി നൽകാൻ തീരുമാനിച്ചു. | ജൂൺ 5 | അറബിക് അധ്യാപകൻ | |
| കുട്ടികളിലെ വായനാശീലം വളർത്തിയെടുക്കുക | | ജൂൺ 19 | അറബിക് അധ്യാപകർ | |
| മലപ്പുറം സബ്ജില്ലയിലെ മുഴുവൻ സ്കൂളുകളിൽനിന്നും പ്രഗത്ഭരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. | • അറബിക് മെഗാ ക്വിസ് മത്സരം | 1 വർഷം | അറബിക് അധ്യാപകൻ | അറ ബിക് ക്ലബ് |

## പൊതുലക്ഷ്യങ്ങൾ ഉർദു (യു.പി. വിഭാഗം)

- ഉർദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പ് വരുത്തുക.

## അക്കാദമിക ലക്ഷ്യങ്ങൾ ഉർദു (യു.പി. വിഭാഗം)

- ഉർദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികൾക്കും ആർജ്ജുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും പത്താം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- സ്കൂൾ വീട്ട് പുറത്തുവരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാപഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വയത്തമാക്കാനുള്ള പരിശീലനം നൽകുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഉർദു - (യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- |
| മീഠി ആവാസ്<br>പഠേം ആഗെ ബഢേം | • വായനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | | എച്ച്.എം. കൗൺസിൽ |
| കയ്യെഴുത്ത് മാഗസിൻ | • രചനാശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കയ്യെഴുത്ത്, കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി . | ഒരു ടേമിൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. കൗൺസിൽ |
| ഉർദു പത്രം | • ക്ലാസ്തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറക്കൽ | ടേമിൽ ഒന്നു വീതം | ഉർദു ക്ലബ്ബ് | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| ഉർദു പൊതുജ്ഞാനം വർദ്ധിപ്പിക്കൽ | • പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിനു വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ. | എല്ലാ മാസവും | ഉർദു ക്ലബ് | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| ഗസൽ & മുശാഇറ | • ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീതവാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതനും മുശാഇറയും ഗസൽ സായാഹ്നവും | അധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| സാഹിത്യ ക്യാമ്പ് | • കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകുംവിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ, എന്നിവ നടത്തുക. ഉർദു സാഹിത്യാധ്യാപകന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | | | | |
| ഉർദുദിനം | • ടാലന്റ് മീറ്റ്, എന്റെ പതിപ്പ്, അക്ഷരമരം, ഭാഷാ സെമിനാർ, ക്വിസ് | നവംബർ 9 | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| വായനാശാക്തീകരണം | • കുട്ടിവായന, അമ്മയും കുഞ്ഞും വായന, ആസ്വാദന ക്കുറിപ്പ്, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ് | അധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| തലാഷ് | • പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | അധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| ദിനാചരണങ്ങൾ | • വിവിധ ദിനാചരണ പരിപാടി കൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും സർഗ്ഗാത്മകത വളർത്തുന്ന തിനും | അതാത് ദിനാചരണ ങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |

## അക്കാദമിക് മാസ്റ്റർപ്ലാൻ

### ഇംഗ്ലീഷ് - (ഹൈസ്കൂൾ -യു.പി.വിഭാഗം)

**മേഖല: അക്കാദമികം / സാമൂഹികം**

**ഉപമേഖല: ഇംഗ്ലീഷ്**

| Objectives | Activities | Term | Responsibility | Finance |
|---|---|---|---|---|
| • To develop literary aptitude among students | • Decided to conduct literature quiz on reading day (June 19)<br>• Decided to place an English Notice Board<br>• Decided to make a reel in July first week | First Term | English department | |
| • To appreciate literary aspects of media | • Decided to conduct film festival.<br>• Decided to conduct literaure quiz (Second round)<br>• Decided to conduct field trip | | | |
| • To develop literary skills of students | • Decided to conduct Literature Quiz (Final)<br>• Decided to issue a magazine | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ഇംഗ്ലീഷ് - (എച്ച്.എസ്. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | • ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br>• ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ.<br>• ഇംഗ്ലീഷ് പ്രസംഗം, സ്കിറ്റ് തുടങ്ങിയവ സംഘടിപ്പിക്കൽ | | ബന്ധപ്പെട്ട ടീച്ചർ | | |
| ഇംഗ്ലീഷ് ഭാഷയെ തനതായ ശൈലിയിൽ കേട്ടാസ്വദിക്കാനും ഗ്രഹിക്കാനുമുള്ള അവസരം ഒരുക്കൽ | • ബ്രേക്കിംഗ് ന്യൂസ് - ആഴ്ചയിൽ രണ്ടു ദിവസം (തിങ്കൾ, വെള്ളി) ബി.ബി.സി. ന്യൂസ് ഹെഡ്ലൈൻ കേൾപ്പിക്കാനുള്ള അവസരം ഒരുക്കൽ | | ഇംഗ്ലീഷ് അധ്യാപകർ | | |
| ഇംഗ്ലീഷ് ഭാഷക്കുള്ള പ്രാതിനിധ്യം അറിയിക്കൽ | • വിദ്യാർത്ഥികൾക്കായി ക്ലാസ് തലത്തിൽ സ്പെൽ ബീ കോമ്പറ്റീഷൻ നടത്താന് ഉദ്ദേ | | ഇംഗ്ലീഷ് അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| | ശിക്കുന്നു | | | | |
| വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവം നൽകുക | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് ഫെസ്റ്റ് നടത്താൻ ഉദ്ദേശിക്കുന്നു.<br>• മൈ ഡ്രോപ്ലെറ്റ്സ് കുട്ടികളുടെ കലാസാഹിത്യസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | | ഇംഗ്ലീഷ് അധ്യാപകർ | | |
| ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ രക്ഷിതാക്കൾക്കുള്ള ലഹരി വിരുദ്ധ ക്ലാസ് സംഘടിപ്പിക്കൽ | • പ്രമുഖ എക്സൈസ് വിഭക്തനെക്കൊണ്ട് ലഹരി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | | ഇംഗ്ലീഷ് അധ്യാപകർ | | |
| ഇംഗ്ലീഷ് ഭാഷയിൽ അഭിരുചി വർദ്ധിപ്പിക്കാൻ ഇംഗ്ലീഷ് ക്ലബ്ബിന്റെ കീഴിൽ ഇമോജി ഡേ സംഘടിപ്പിക്കൽ | • ജൂലൈ 17 ഇമോജി ഡേ ആചരണം. ഇമോജിയിലൂടെ വിദ്യാർത്ഥികളുടെ ഭാഷാ നൈപുണ്യം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. | | ഇംഗ്ലീഷ് അധ്യാപകർ | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ഹിന്ദി - (എച്ച്.എസ്. വിഭാഗം)

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ടതായ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടികളെ ഹിന്ദി ഭാഷ പരിചയപ്പെടുത്തൽ.
- ലഹരിയിൽ നിന്ന് സമൂഹത്തെ രക്ഷിക്കേണ്ട ആവശ്യം മനസ്സിലാക്കൽ.
- പരിസ്ഥിതി സംരക്ഷണത്തിന്റെ മഹത്വം മനസ്സിലാക്കൽ.
- കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി അവരെ മുന്നോട്ട് നയിക്കൽ.
- കായിക മേഖലയിൽ കുട്ടികളുടെ കഴിവ് കണ്ടെത്തൽ.
- ഹിന്ദി ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കൽ.
- ഓരോ വിദ്യാർത്ഥിയുടേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസനം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കൽ.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനം സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥിക്ക് പഠന പ്രവർത്തനങ്ങൾക്കുപുറമെ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഉൾപ്പെടാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം | മോണിറ്റ റിംഗ് |
|---|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കു ന്നു.<br>ഉച്ഛാരണം പരിചയപ്പെടുത്തു ന്നു.<br>അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തു വാനും പഠിപ്പിക്കുന്നു | • അക്ഷരമാല അടങ്ങിയ കാർഡുകൾ നൽകുന്നു.<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പി ക്കുന്നു.<br>• ഓഡിയോ വിഷ്വൽ സഹായ ത്തോടെ ഉച്ഛാരണം കൂടുത ലായി പരിചയപ്പെടുത്തുന്നു | ജൂൺ<br>ജൂലൈ | ബന്ധപ്പെട്ട ടീച്ചർ | | |
| ആഴ്ചയുടെ പേരുകൾ എണ്ണ ങ്ങൾ എന്നിവ പരിചയപ്പെടു ത്തുന്നു. | • ക്ലാസിലെ ഓരോ വിദ്യാർത്ഥി യുടേയും പേര്, ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറ യുന്നു.<br>• വർക്ക് ഷീറ്റുകൾ നൽകുന്നു.<br>• ഹിന്ദി കലണ്ടർ തയ്യാറാക്ക ണം. | ഓഗസ്റ്റ്<br>സെപ്തം ബർ | | | |
| ഹിന്ദി അനായാസം എഴുതു വാനും വായിക്കുവാനും പരി ശീലിപ്പിക്കുന്നു | • കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഡിസംബർ<br>ജനുവരി | | | |

| | | | | | |
|---|---|---|---|---|---|
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | • ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ, കഥകൾ തുടങ്ങിയവ വായനക്കായി നൽകുന്നു | | | | |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | • വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ ജൂലൈ | ബന്ധപ്പെട്ട ടീച്ചർ | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | • ചാർട്ടുകൾ നൽകുന്നു. അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>• സൂചനാബോർഡുകൾ എഴുതി ക്ലാസിൽ പ്രവേശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് സെപ്തംബർ | | | |
| പോസ്റ്ററുകൾ തയ്യാറാക്കുവാൻ അറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നുവാനറിയുന്നു. | • പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.<br>• ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരി | നവംബർ ഡിസംബർ ജനുവരി | | | |

| | | | | | |
|---|---|---|---|---|---|
| | പ്പിക്കുവാൻ പറയുന്നു. | | | | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | • സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | | | | |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | • പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥ, തിരക്കഥയായി മാറ്റുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. • എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. | നവംബർ ജനുവരി | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ഹിന്ദി – (യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെട്ട് പഠിക്കാനുള്ള അവസരം ഒരുക്കുക | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത്, ചിത്രങ്ങൾ അക്ഷര മാല ചാർട്ട് സിഡിയിൽ അക്ഷ രമാല കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ അയാപകർ | പി.ടി. എം. സ്കൂൾ | |
| ഹിന്ദി വായന<br>തെറ്റുകൂടാതെ ഹിന്ദി വായി ക്കാനുള്ള പരിശ്രമം ചെയ്യും | • നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേകക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ, അതിന്റെ സി. ഡി. എന്നിവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | പി.ടി.എ സ്കൂൾ | |
| ഹിന്ദി സാഹിത്യത്തിലുള്ള അറിവ് | • ജൂലൈ 31 പ്രേംചന്ദ് ജയന്തി പോസ്റ്റർ രചനയും എ.ഐ. | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപകർ | പി.ടി.എ സ്കൂൾ | |

| | | | | | |
|---|---|---|---|---|---|
| | ടീച്ചർ മുഖേന കുട്ടികൾക്ക് ഹിന്ദി ഭാഷയിലെ സാഹിത്യ കാരന്മാരെ പരിചയപ്പെടൽ | വരെ | ഹന്ദി ക്ലബ് | | |
| സാഹിത്യത്തിലുള്ള അറിവ് കൊടുക്കൽ | • സെപ്തംബർ 14 ഹിന്ദി ദിവസ ത്തിനോടുബന്ധിച്ച് വിവിധ ഹിന്ദി സാഹിത്യകാരന്മാരുടെ പ്രധാനപ്പെട്ട ബുക്ക് പരിചയ പ്പെടുത്തൽ | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | പി.ടി.എ. | |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കും നിത്യ ജീവിതത്തിൽ ആവശ്യമായിവ രുന്നത് ഹിന്ദിയിൽ സംസാരി ക്കാനുള്ള ഭാഷ പരിചയപ്പെ ടുത്തും | • 6, 7 ക്ലാസുകളിൽ ഹിന്ദി മിക്ക സമയത്തും ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദി യിൽതന്നെ ചോദിക്കും.<br>• ഹിന്ദിയിൽ മാത്രം സംസാരി ക്കുന്നവരെ ക്ലാസിൽ കൊണ്ടു വന്ന് സംവദിക്കും.<br>• വായനക്ക്.... ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും. അത് നോക്ക് തെറ്റ് തിരുത്തണം. ക്ലാസ്തല വായന മത്സരം നടത്തും. അതിൽനിന്ന് തെരഞ്ഞെടുത്ത കുട്ടികൾക്ക് സ്കൂൾതല മത്സരം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ക്ലബ് ഹിന്ദി അധ്യാപകർ | പി.ടി.എ. സ്കൂൾ | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## സോഷ്യൽ സയൻസ് - (ഹൈസ്കൂൾ, യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ലഹരിവിരുദ്ധ മനോഭാവം രൂപപ്പെടുത്തൽ | • ബോധവൽക്കരണക്ലാസുകൾ<br>• കവലപ്രസംഗം<br>• പോസ്റ്റർ നിർമ്മാണ മത്സരം | ജൂൺ 26 | | | |
| മതനിരപേക്ഷിത സമത്വലോക സങ്കല്പം | • ഫ്ലോട്ട് നിർമ്മാണം<br>• പ്രസംഗം - കുട്ടികൾ | ശ്രീനാരായണഗുരുജയന്തി ദിനം<br>ഓഗസ്റ്റ് 20 | | | |
| തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുത്തൽ | • ഇലക്ഷൻ പ്രൊസീഡിംഗ്സ്<br>• സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | | | | |
| മുതിർന്നവരെ ആദരിക്കുക, ബഹുമാനിക്കുക | • വൃദ്ധസദനം സന്ദർശിക്കുക, വസ്ത്രം, ഭക്ഷണം, ഇത്യാദി സാധനങ്ങൾ വിതരണം ചെയ്യുന്നു. | ഒക്ടോബർ 1 | | | |

| | | | | | |
|---|---|---|---|---|---|
| ട്രാഫിക് നിയമങ്ങൾ ബോധവൽക്കരണം | • മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് - ബോധവൽക്കരണ ക്ലാസ് നൽകുന്നു. | ഗതാഗത ദിനം നവംബർ 10 | | | |
| പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള അനുകമ്പ | • ഭിന്നശേഷികുട്ടികളുടെ വിദ്യാലയം, ചാപ്പനങ്ങാടി, കോട്ടക്കൽ സന്ദർശിക്കുന്നു.<br>• കലാപരിപാടികൾ അവതരിപ്പിക്കുന്നു | ഡിസംബർ 3 ഭിന്നശേഷി ദിനം | | | |
| ഭരണഘടനയോട് ആഭിമുഖ്യം വളർത്തൽ | • ക്വിസ് മത്സരം<br>• പ്രസംഗ മത്സരം | ജനുവരി 26 റിപ്പബ്ലിക് ദിനം | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## സോഷ്യൽ സയൻസ് - (ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിററിംഗ് |
|---|---|---|---|---|---|
| മലപ്പുറം ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ | • പ്രസംഗ മത്സരം<br>• പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിനും മികച്ച പ്രകടനം കാഴ്ച വെക്കുന്ന കുട്ടിയെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും | ജൂൺ 16 | എല്ലാ അധ്യാപകരും | | |
| ലഹരി വിരുദ്ധ മനോഭാവം പഠിതാവിൽ ഉണ്ടാക്കിയെടുക്കുന്നതിന് | • തെരുവുപ്രസംഗം<br>• ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്, പ്രസംഗം എന്നിവ സംഘടിപ്പിക്കുന്നു | ജൂൺ 26 | എല്ലാ അധ്യാപകരും | | |
| യുദ്ധവിരുദ്ധ സമീപനം വളർത്തുന്നതിന് | • പോസ്റ്റർ രചനാ മത്സരം<br>• സഡാക്കോ കൊക്ക് നിർമ്മാണം | ആഗസ്റ്റ് 6. 9 | എല്ലാ അധ്യാപകരും | | |

| | | | | | |
|---|---|---|---|---|---|
| | • യുദ്ധത്തിന്റെ ഭീകര ദൃശ്യങ്ങൾ കാണിക്കുന്നതിന് | | | | |
| സ്വാതന്ത്ര്യദി സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിന് | • ക്വിസ് മത്സരം<br>• മികച്ച കുട്ടിയെ കണ്ടെത്തി ശാസ്ത്രമേളയിലേക്ക് തെരഞ്ഞെടുക്കുന്നതിന് | ആഗസ്റ്റ് 15 | എല്ലാ അധ്യാപകരും | | |
| ഗാന്ധിജയന്തി ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | • ഗാന്ധിജി റോൾ മോഡൽ<br>• ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്ക് വിലയിരുത്തുന്നതിന് | ഒക്ടോബർ 2 | എല്ലാ അധ്യാപകരും | | |
| കുട്ടികളിൽ ചാച്ചാജിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന് | • ശിശുദിന റാലി<br>• നെഹ്റുവിന്റെ വേഷം കെട്ടി സ്കൂൾ പരിസരത്ത് റാലി സംഘടിപ്പിക്കുന്നു. | നവംബർ 14 | എല്ലാ അധ്യാപകരും | | |
| ഫീൽഡ് ട്രിപ്പ്<br>സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് | • പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന കാവുകൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിക്കുന്നു | ഡിസംബർ | എല്ലാ അധ്യാപകരും | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ഫിസിക്കൽ സയൻസ് - (ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോശിപ്പിക്കുക | • ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br>• മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | | |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | • കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലഖനങ്ങൾ, കവിതകൾ, ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ്, മാസിക, ശാസ്ത്രപതിപ് എന്നിവ തയ്യാറാക്കുക. | 3 മാസം | സയൻസ് അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്രമേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | • മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 3 മാസം | സയൻസ് അധ്യാപകർ | | |
| റോഡ് സുരക്ഷ അവബോധം | • റോഡ് സൈനുകൾ കുട്ടികളെ പരിചയപ്പെടുത്തുക.<br>• സ്പീഡ് യൂണിറ്റ് കുട്ടികളെ പരിചയപ്പെടുത്തുക.<br>• കാൽനടയാത്രക്കാർ പാലിക്കേണ്ട നിയമങ്ങൾ | ജൂലൈ | സയൻസ് അധ്യാപകർ | | |
| ശാസ്ത്രമനോഭാവം വളർത്തിയെടുക്കൽ | • ലഘുപരീക്ഷണം, ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ശാസ്ത്ര ക്വിസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | | |
| ശാസ്ത്ര ലാബ് നവീകരിക്കൽ, ശാസ്ത്ര ലാബിന്റെ കാലാനുസൃതമായ നവീകരണം | • ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, സാമഗ്രികൾ പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ജീവശാസ്ത്രം - (ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ശാസ്ത്രപഠനം സമൂഹനന്മയ്ക്ക് -ജീവന്റെ നിലനിൽപ്പിന് കൃഷി | • ക്ലാസ് തലത്തിൽ വിത്തുകൾ പങ്കുവെക്കൽ, പച്ചക്കറിക്കൃഷി, സ്വയം പര്യാപ്തതയിലേക്ക്..<br>• വൃക്ഷത്തൈ നടൽ - പരിസ്ഥിതി ദിനാചരണം | വർഷത്തിൽ 1 തവണ ജൂൺ | ശാസ്ത്ര ക്ലബ്ബ് സ്കൂൾ ബയോളജി യൂണിറ്റ് | | |
| നേത്രാരോഗ്യത്തിന്റെ പ്രാധാന്യം സ്വയം തിരിച്ചറിയാനായി | • മെഡിക്കൽ ക്യാമ്പ് | വർഷത്തിൽ 1 തവണ | ശാസ്ത്ര ക്ലബ്ബ് ബയോളജി യൂണിറ്റ് | എസ്. ആർ.ജി. പി.ടി.എ. | |
| പ്രഥമശുശ്രൂഷയിൽ അറിവുള്ള ഒരു സമൂഹത്തെ വാർത്തെടുക്കൽ | • പ്രഥമ ശുശ്രൂഷ സംബന്ധിച്ച് ബോധവൽക്കരണം.<br>• പ്രഥമശുശ്രൂഷ - പരിശീലനം | വർഷത്തിൽ 1 തവണ | ശാസ്ത്ര ക്ലബ്ബ് ബയോളജി യൂണിറ്റ് | എസ്. ആർ.ജി. പി.ടി.എ. | |

# അക്കാദമിക് മാസ്റ്റർപ്ലാൻ
## സയൻസ് - (യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ശാസ്ത്രീയ സാക്ഷരത വളർത്തുക | • ചാന്ദ്രദിനത്തോടനുബന്ധിച്ച് ജൂലൈ 21 വാന നിരീക്ഷണം.<br>• ശാസ്ത്ര ക്ലബ്ബ് രൂപീകരണം.<br>• VSSE (തിരുവനനന്തപുരം) സന്ദർശനം നടത്തുന്നു. | ജൂലൈ | സയൻസ് ക്ലബ്ബ് | പി.ടി.എ.<br>രക്ഷിതാക്കൾ | |
| ശാസ്ത്രീയ ആശയങ്ങളേയും തത്വങ്ങളേയും സിദ്ധാന്തങ്ങളേയും കുറിച്ചുള്ള അറിവും ധാരണയും വിദ്യാർത്ഥികളിൽ വളർത്തുക | • ക്ലാസ് തല ശാസത്രമേള സംഘടിപ്പിക്കൽ | ആഗസ്റ്റ് | സയൻസ് ക്ലബ്ബ് | | |
| കാർഷിക മേഖലയിൽ കുട്ടികൾക്ക് താൽപര്യം വലർത്തുന്നതിന് | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>• ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്കൊരു യാത്ര | ആഗസ്റ്റ് | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്രം, എഞ്ചിനീയറിംഗ് മറ്റു അനുബന്ധ മേഖലകൾ എന്നിവയിലേക്ക് അടിത്തറ നൽകൽ | • ഒക്ടോബർ ആദ്യവാരം ബഹിരാകാശ വാരം<br>• പ്ലക്കാർഡ് നിർമ്മാണം<br>• റോക്റ്റ് നിർമ്മാണം<br>• റാലി<br>• ഐ.എസ്.ആർ.ഒ. ലേക്ക് കത്ത്.<br>• പോസ്റ്റർ നിർമ്മാണം | ഒക്ടുബർ<br>1 മുതൽ 10 വരെ | സയൻസ് ക്ലബ്ബ് | | |
| പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയുമുള്ള പഠനം.<br>ആശയങ്ങൾ വിശദീകരിക്കുന്നതിന് ലളിതമായ പരീക്ഷണങ്ങൾ, അവതരണം എന്നിവ | • സയൻസ് ഡേ (നവംബർ 12)<br>• പ്രൊജക്ട് അധിഷ്ഠിത പഠനം<br>• ഗവേഷണം<br>• പരീക്ഷണം<br>• അവതരണം<br>• സ്കൂൾതല ശാസ്ത്രമേള<br>• (ക്ലാസ് തല മത്സരത്തിൽ മികവാർന്ന പ്രവർത്തനങ്ങളുടേയും, കൂട്ടിച്ചേർക്കലുകളുടേയും പ്രദർശനം, സബ്ജില്ലാതല മത്സരത്തിലേക്കുള്ള കുട്ടികളെ കണ്ടെത്തൽ എന്നിവ....) | നവംബർ | സയൻസ് ക്ലബ്ബ് | | |
| നിരീക്ഷണങ്ങളും കണ്ടെത്തലുകളും<br>ചുറ്റുപാടുകൾ നിരീക്ഷി | • പഠനോത്സവം സംഘടിപ്പിക്കൽ | ജനുവരി | സയൻസ് ക്ലബ്ബ് | | |

| | | | | | |
|---|---|---|---|---|---|
| ക്കാനും എന്തുകൊണ്ട് എന്ന ചോദ്യം ചോദിക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. | | | | | |
| വിവിധ ശാസ്ത്രവിഷയങ്ങൾ തമ്മിലുള്ള ബന്ധവും യഥാർത്ഥ ലോകപ്രശ്നങ്ങളുമായി അവയ്ക്കുള്ള പ്രസക്തിയും ഏറ്റെടുത്ത് കാണിക്കുക | • ഭക്ഷ്യമേള സംഘടിപ്പിക്കൽ | ഫെബ്രുവരി ആദ്യവാരം | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ
## ഗണിതം - (ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിതകൗതുകം വളർത്തൽ | • പ്രകൃതിയിലെ ഗണിതാശയങ്ങളെ ഉൾക്കൊള്ളിച്ചുള്ള റീൽസ് നിർമ്മാണ മത്സരം | ജൂൺ | എല്ലാ അധ്യാപകർക്കും | | |
| ഗണിത അഭിരുചി വളർത്തൽ | • ഗണിതപ്രശ്നോത്തരി നടത്തുന്നു.<br>• ക്ലാസ്തല ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br>• സ്കൂൾതല ക്വിസ് മത്സരങ്ങൾ നടത്തുന്നു | ജൂൺ | സി.കെ.എസ്., ബി.പി. | | |
| ഗണിതത്തിലെ സർഗ്ഗാത്മകത വളർത്തൽ | • ക്ലാസ്തല ജ്യോമെട്രിക്കൽ ചാർട്ട് മത്സരം<br>• സ്കൂൾതല മത്സരം | ജൂൺ | എല്ലാ അധ്യാപകരും | | |
| ഗണിതമേളകളിലെ ഊർജ്ജസ്വലത കൈവരിക്കൽ | • സ്കൂൾതല ഏകദിന ഗണിത ശിൽപശാല | ജൂലൈ | എല്ലാ അധ്യാപകരും | | |

| | | | | | |
|---|---|---|---|---|---|
| ഗണിതത്തിലെ ഗവേഷണാത്മ കത വർദ്ധിപ്പിക്കൽ | • ഗണിത സെമിനാർ (പിക് ഡേ) | ജൂലൈ 22 | എല്ലാ അധ്യാപ കരും | | |
| ഗണിത അഭിരുചി വളർത്തൽ | • ശകുന്തളാദേവി ജന്മദിനം (ന വംബർ 4) റാപ്പിഡ് ക്വിസ് | നവംബർ | | | |
| ഗണിതതാൽപര്യം വളർത്തൽ | • ഗണിതമേളകളിൽ ഉണ്ടാക്കിയ ഉൽപ്പന്ന പ്രദർശനം | ജനുവരി | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ഗണിതം - (യു.പി. വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക | • കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനു ള്ളല പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപകർ | | |
| രസകരമായ ഗണിതക ശാസ്ത്രപഠനം, ഗണിതത്തോ ടുള്ള രസകരമായ സമീപനം | • ക്ലാസ് തലത്തിൽ ഗണിത ലാബ് നിർമ്മാണം. ജ്യോമെട്രി ക്കൽ ചാർട്ട് പരിചയപ്പെടു ത്തൽ, വ്യത്യസ്ത സൃഷ്ടിക ളുടെ ശേഖരണം, പ്രദർശനം | ജൂൺ<br>ജൂലൈ | ഗണിത അധ്യപകർ | | |
| ഗണിത മേഖലയിൽ കുട്ടിക ളുടെ താൽപര്യം വർദ്ധിപ്പി ക്കൽ | • പസിൽ, ഗെയിം, നമ്പർ ചാർട്ട് തുടങ്ങിയവ കുട്ടികളെ പരിച യപ്പെടുത്തുന്നു. സൃഷ്ടിക ളുടെ ശേഖകരണം, പ്രദർശ നം. | വർഷത്തിൽ ഒരു പ്രാവശ്യം<br>ജൂലൈ | ഗണിത അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| ഗണിതം മധുരമാക്കൽ | • ഗണിത അസംബ്ലി സ്കൂൾ തലത്തിലും തലത്തിലും ക്ലാസ് തലത്തിലും നടത്തുന്നു.<br>• റുബിക്സ് ക്യൂബ് മത്സരം | വർഷത്തിൽ ഒരു പ്രാവശ്യം (സെപ്തം ബർ) | ഗണിത അധ്യാപകർ പ്രധാന അധ്യാപകൻ | | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിര യിൽ എത്തിക്കുന്നു | • ഗണിത ക്ലിനിക് - പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപ കരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർത്ത് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരി യഡ് | എല്ലാ ഗണി തക അധ്യാ പകരും | | |
| ഗണിതമേഖലയിൽ കുട്ടിക ളുടെ താൽപര്യം വർദ്ധിപ്പി ക്കൽ | • കുട്ടികൾക്ക് വ്യത്യസ്ത ഗണി തക്ലാസുകൾ സംഘടിപ്പിക്കു ന്നു.<br>• ഗണിതവർക്ക് ഷോപ്പ് - ഗണി തത്തിൽ താൽപര്യം ഉളവാക്കു ന്നതിനായി കുട്ടികൾക്ക് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കു ന്നു. | ഡിസംബർ ജനുവരി | ഗണിത അധ്യാപകർ | | |
| ആധുനിക ശാസ്ത്രസാങ്കേ തിക വിദ്യാ സാധ്യത ഗണിത പഠനത്തിനായി പ്രയോജനപ്പെ | • ജിയോജിബ്ര എല്ലാ കുട്ടിക ളെയും പരിചയപ്പെടുത്തുന്നു. ജ്യാമിതീയ രൂപങ്ങൾ, ചതു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| ടുത്തുന്നു | ഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേകക് എത്തിക്കുന്നു | | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ
## കലാവിദ്യാഭ്യാസം - (യു.പി., ഹൈസ്കൂൾ വിഭാഗം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കലാമികവിനുള്ളവർക്ക് പരിശീലനം | • ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകൾ ഉള്ള കുട്ടികൾക്കും വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | ആഴ്ചയിൽ 1 ദിവസം (1 വർഷം) | ആർട്സ് ക്ലബ്ബ് | പി.ടി.എ. | |
| വ്യത്യസ്ത വിഭാഗങ്ങളിൽ പരിശീലനം | • ചിത്രരചന, സംഗീതം, നൃത്തം, സിനിമ, നാടകം എന്നീ വ്യത്യസ്ത വിഭാഗങ്ങളിൽ ഉള്ള പരിശീലനം നൽകൽ (കലോത്സവവുമായി ബന്ധപ്പെട്ട്) | മാസത്തിൽ 2 ദിവസം (6 മാസം) | ആർട്സ് ക്ലബ്ബ് | പി.ടി.എ. | |
| കലാപ്രകടനത്തിനുള്ള അവസരം | • വിവിധ കലാമേഖലകളിൽ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. | വ്യത്യസ്ത സന്ദർഭങ്ങളിൽ | ആർട്സ് ക്ലബ്ബ് | പി.ടി.എ. | |

| | | | | | |
|---|---|---|---|---|---|
| ദിനാചരണങ്ങൾ കലാസമ്പുഷ്ടമാക്കൽ | • വ്യത്യസ്ത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കലാപ്രകടനം അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകൽ | ദിനാചരണങ്ങൾ<br>ലോക സംഗീത ദിനം<br>(ജൂൺ 21)<br>വാൻഗോഗ് ഓർമദിനം<br>(ജൂലൈ 29) | ആർട്സ് ക്ലബ്ബ് | | |

**അക്കാദമിക് മാസ്റ്റർപ്ലാൻ**

**തൊഴിൽ ഉദ്ഗ്രഥിത വിദയാഭ്യാസം - (യു.പി., ഹൈസ്കൂൾ വിഭാഗം)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതിക സ്രോതസ്സ് | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| മുഴുവൻ കുട്ടികളേയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ | • പഴയ പാന്റ്സ് അല്ലെങ്കിൽ ജീൻസ് ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മാണം.<br>• നാട്ടറിവു ദിനത്തോടനുബന്ധിച്ച് ഭക്ഷ്യ മേള സംഘടിപ്പിക്കൽ.<br>• കാർഡ്ബോർഡ്, മൗണ്ട് ബോർഡ്, സ്ട്രോ ബോർഡ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് വീട് നിർമ്മാണം,<br>• റോക്കറ്റ് നിർമ്മാണം<br>• സഡാക്കോ നിർമ്മാണം<br>• ദേശീയ പതാക നിർമ്മാണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | നിർമ്മാണ സാമഗ്രികൾ<br>ഭക്ഷ്യവിഭവങ്ങൾ | കുട്ടികൾ | സി.പി.ടി.എ. |
| | • ഫാബ്രിക് പെയിന്റിംഗ് (തൂവാല, ഉടുപ്പുകൾ, സാരികൾ) | സെപ്തംബർ | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | • പ്രവൃത്തിപരിചയമേള<br>• നോട്ടുബുക്ക് നിർമ്മാണം<br>• ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഒരു പ്രവർത്തനം ചെയ്യുന്നു.<br>• പെൻസ്റ്റാന്റ്<br>• സ്റ്റാർ, ഗ്രീറ്റിംഗ് കാർഡ് | ഒക്ടോബർ<br>നവംബർ | | | |
| | • ബിൻ നിർമ്മാണം<br>• ഫയൽ നിർമ്മാണം<br>• സ്റ്റെൻസിലിംഗ്<br>• വൈദ്യുത സർക്കീട്ട് നിർമ്മാണം<br>• സമ്പാദ്യപ്പെട്ടി നിർമ്മാണം | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ. |

## 7-ാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതിക സ്രോതസ്സ് | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| മുഴുവൻ കുട്ടികളെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ | • ലംബകൃഷി<br>• ലംബകൃഷി രീതിയിലെ ടവറുകളിലേക്ക് വെള്ളവും വളവും എത്തിക്കുന്നതിന്റെ മാതൃക തയ്യാറാക്കുക.<br>• വീടിന്റെ പ്ലാൻ നിർമ്മാണം<br>• നോട്ടുബുക്ക് നിർമ്മാണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ. |
| | • സ്വിച്ച് ബുക്ക്<br>• പോട്‌ലി ബാഗ്<br>• ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കുന്നു.<br>• വിനോദ സഞ്ചാര സാധ്യതയുള്ള ഒരു കേന്ദ്രം സന്ദർശിച്ച് സഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ പ്രൊമോ വീഡിയോ, ഡിജിറ്റൽ ആൽബം, ബ്രോഷർ ഇവ തയ്യാറാക്കുന്നു.<br>• പ്രൊജക്ട് തയ്യാറാക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| | • വൈദ്യുത സർക്കീട്ടുകൾ തയ്യാറാക്കുന്നു.<br>• സ്റ്റാർ, ഗ്രീറ്റിംഗ് കാർഡുകൾ തയ്യാറാക്കുന്നു.<br>• വാൾ ഹാങ്ങർ നിർമ്മാണം<br>• ജൈവവള നിർമ്മാണം<br>• കണ്ടെയ്നർ<br>• മണ്ണിര കമ്പോസ്റ്റ്<br>• റൈറ്റിംഗ് ബോർഡ് നിർമ്മാണം<br>• മണി ചാലഞ്ച് ബോർഡ് ഗെയിം<br>• കറൻസി ശേഖരണം<br>• സലാഡുകൾ<br>• മൈക്രോ ലീനുകൾ | | | | |

## 9-ാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതിക സ്രോതസ്സ് | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| മുഴുവൻ കുട്ടികളെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ | • പ്രതിഭപ്പെട്ടി നിർമ്മാണം<br>• മീ ചാർട്ട്<br>• കണ്ടെത്താം തീരുമാനിക്കാം<br>• റോൾ-പ്ലേ<br>• മൂകാഭിനയം<br>• ആൽബം<br>• ടൈം ചാർട്ട്<br>• അഭിനയക്കളരി | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ. |
| | • ക്രോഖി തയ്യാറാക്കുന്നു<br>• ഇല്ല്യുസ്ട്രേഷൻസ്<br>• വരകൾ സൃഷ്ടിക്കുന്ന പ്രതീതി<br>• വിവിധ ആകൃതിയിലുള്ള വസ്ത്രങ്ങൾ വരയ്ക്കുന്നു.<br>• ടെക്സ്ച്ചറുകൾ നിർമ്മിക്കുന്നു.<br>• ആൽബം തയ്യാറാക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| | • കൊളാഷ് നിർമ്മാണം<br>• ഗ്യാദറുകൾ രൂപപ്പെടുത്തുന്നു.<br>• ടക്കുകളും ഡാർട്ടുകളും തയ്യാറാക്കുന്നു.<br>• വസ്ത്രങ്ങളിൽ ഡിസൈൻ ചെയ്യുന്നു | | | | |
| | • ബ്രേസ്ലെറ്റ് നിർമ്മിക്കുന്നു<br>• പോർട്ട് ഫോളിയോ നിർമ്മാണം<br>• സെമിനാർ നടത്തുന്നു<br>• നാച്ചറൽ ഡൈയിംഗ്<br>• ഭക്ഷണ വിഭവങ്ങൾ തയ്യാറാക്കുന്നു.<br>• കട്ലറ്റ് ഉണ്ടാക്കുന്നു<br>• പ്ലം കേക്ക് ഉണ്ടാക്കുന്നു.<br>• ലെമൺ റൈസ്<br>• ചൈനീസ് നൂഡിൽസും ചോപ്പ് സ്റ്റിക്കും<br>• ഹോട്ട് ആന്റ് സോർ സൂപ്പ്<br>• ചിക്കൻ പീസ് സാലഡ്<br>• പ്യൂരിൻ<br>• ഫാലഫൽ<br>• പാൽകപ്പ | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | നിർമ്മാണ സാമഗ്രികൾ | കുട്ടികൾ | സി.പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| | • പാചകത്തൊഴിലാളിയുമായി അഭിമുഖം<br>• അച്ച് നിർമ്മാണം<br>• ഒരു നോട്ടീസ് ഡിജിറ്റലായി ഡിസൈൻ ചെയ്ത് തയ്യാറാക്കുന്നു.<br>• ബ്ലോക്ക് പ്രിന്റിംഗ്<br>• സ്ക്രീൻ പ്രിന്റിംഗ്<br>• നോട്ടുബുക്ക് തയ്യാറാക്കുന്നു.<br>• കേക്ക് ബോക്സ് | | | | |

# മാസ്റ്റർ പ്ലാൻ

## ഉപമേഖല - കായിക വിദ്യാഭ്യാസ (യു.പി., എച്ച്.എസ്)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കായിക മികവുള്ളവർക്ക് പരിശീലനം | • കായികമികവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി സബ്ജില്ല, ജില്ല, സംസ്ഥാന തല മത്സരങ്ങൾക്ക് പ്രാപ്തരാക്കുക | ആഴ്ചയിൽ 2 ദിവസം (ഒരു വർഷം) | സ്പോർട്സ് ക്ലബ്ബ് | കുട്ടികൾ | |
| വ്യത്യസ്ത വിഭാഗങ്ങളിൽ പരിശീലനം | • ഫുട്ബോൾ, കരാട്ടെ, തൈക്കോണ്ടോ, സ്കേറ്റിംഗ് എന്നീ വ്യത്യസ്ത വിഭാഗങ്ങളിൽ പരിശീലനം നൽകൽ | ആഴ്ചയിൽ 2 ദിവസം (ആറ് മാസം) | സ്പോർട്സ് ക്ലബ്ബ് | പി.ടി.എ. | |
| കായിക പ്രകടനത്തിനുള്ള അവസരം | • വിവിധ കായിക മേഖലകളിൽ കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു | വ്യത്യസ്ത സന്ദർഭങ്ങളിൽ | സ്പോർട്സ് ക്ലബ്ബ് | | |

| | | | | | |
|---|---|---|---|---|---|
| ദിനാചരണങ്ങൾ | • വ്യത്യസ്ത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കായിക പ്രകടനം അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകൽ | ദിനാചരണങ്ങളിൽ<br>യോഗദിനം<br>(ജൂൺ21)<br>ഒളിമ്പിക്സ ദിനം (ജൂൺ 23)<br>സംസ്ഥാന കായിക ദിനം (ഒക്ടോബർ 23)<br>ദേശീയ കായിക ദിനം (ഓഗസ്റ്റ് 29) | സ്പോർട്സ് ക്ലബ്ബ് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉപമേഖല - ഇൻഫോർമേഷൻ ടെക്നോളജി (ഐ.ടി.)

| No | Objective | Acitivy | Period | Incharge |
|---|---|---|---|---|
| 1 | Spark creativity and explore possibilities of digital art. | • Digital Painting Competition - Students will create original digital artwork using Ubuntu Platform. | Week 1 of July | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |
| | Develop problem - solving skills and logical thinking through coding | • Scratch programming competition - Students will design and code interactive projects using the Scratch programming language | Week 2 of July | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |
| | Enhance typing speed and accuracy while promoting Malayalam language usage | • Malayalam Typing competition - Students will compete in typing a given text in Malayalam as quickly and accurately as possible. | Week 3 of July | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |
| | Test knowledge across a broad spectrum of Information Technology topics | • IT Quiz competition - Students will answer multiple choice and open-ended questions on various IT subjects | Week 4 of July | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |
| | Introduce fundamental web development concept like structure and content | • Web page design competition (using HTML Tags) - students will create basic web page using HTML tags to display text, images, and links | Week 1 of August | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |

| | | | | |
|---|---|---|---|---|
| | Develop effective communication and presentation skills using technology | • Effective Digital presentation competition - students will create and deliver multimedia presentations on a chosen topic using software like Power Point or Google slides. | Week 2 of August | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |
| | Encourage creativity and story telling by creating animated sequences | • Animation competition (Software / Technique to be specified) - students will produce short animations using software in Ubuntu Platform | Week 3 of August | Mr. Muhammed Suhail, Mrs. Rajitha, Mr. Jahfar |

# <u>ഉപസംഹാരം</u>

എ.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിൽ, 2025 -26 അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് മൂന്ന് ദിവസങ്ങളിലായി അധ്യാപകർ വിഷയാടിസ്ഥാനത്തിലും അല്ലാതെയും നടത്തിയ ഗൗരവമേറിയ ചർച്ചകളിൽ രൂപപ്പെട്ടുവന്ന അഭിപ്രായങ്ങളിൽ നിന്ന് വന്നിട്ടുള്ള ഉറച്ച തീരുമാനങ്ങൾ **'കിരണം'** അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നു. കൂടാതെ ഇത്രയുമധികം കുട്ടികളുള്ള ഈ വിദ്യാലയത്തിൽ അച്ചടക്കരാഹിത്യത്തിനെതിരെയും, വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെയും ഐക്യത്തോടെ കണിശമായി പ്രവർത്തിക്കാൻ അധ്യാപക കൂട്ടായ്മയുമുണ്ട്. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ 'കിരണം' - അക്കാദമിക് മാസ്റ്റർ പ്ലാനിന് സാധിക്കുമെന്ന ശുഭപ്രതീക്ഷയോടെ പുതിയ അക്കാദമിക് വർഷത്തിലേയ്ക്ക് ഞങ്ങൾ പ്രവേശിക്കുന്നു.